എ.എസ് സുരേഷ് കുമാർ

# നീറുന്ന ഗുജറാത്ത്; നിയമം മറന്ന രാജ്യം

**ഗുജറാത്ത്** കലാപം കണ്ട് നടുങ്ങിവിറച്ച രാജ്യത്തെ വീണ്ടുമൊരിക്കൽക്കൂടി പിടിച്ചുലച്ച വെളിപ്പെടുത്തലാണ് തെഹൽകയിലൂടെ പുറത്തുവന്നത്. കലാപം നടത്തുന്നതിന് മുഖ്യമന്ത്രി നരേന്ദ്രമോഡി പ്രേരണ നൽകിയെന്നും, തങ്ങൾ കൊല നടത്തിയെന്നും കൊലയാളികൾ തന്നെ വെളിപ്പെടുത്തുന്നത് രഹസ്യ കാമറയിൽ പകർത്തി തെഹൽക ജനമധ്യത്തിൽ എത്തിച്ചു. നടുക്കുന്ന ഈ വെളിപ്പെടുത്തൽ കഴിഞ്ഞിട്ട് ആഴ്ചകൾ തന്നെയായിരിക്കുന്നു. ഇന്ത്യയുടെ മതനിരപേക്ഷതയെ തന്നെ പരിഹസിക്കുന്ന കൊലയാളികൾക്കും അതിന് പ്രേരണ നൽകി ഗുജറാത്തിന്റെ അധികാര അമരത്ത് ഇരിക്കുന്നവർക്കും എതിരെ നീതിപീഠത്തിൽനിന്നോ കേന്ദ്രഭരണകൂടത്തിൽനിന്നോ ഒരു നടപടിയും ഉണ്ടായിട്ടില്ല.

തെഹൽകയുടെ വീഡിയോ ടേപ്പുകളുടെ ഗൗരവം തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത ഏക സ്ഥാപനം ദേശീയ മനുഷ്യാവകാശ കമീഷനാണ്. സ്വതന്ത്രമായൊരു ഏജൻസി അന്വേഷിക്കാൻ തക്ക ഗൗരവമുള്ള ഒന്നാണ് തെഹൽക വെളിപ്പെടുത്തലെന്ന് ചൂണ്ടിക്കാട്ടിയ കമീഷൻ, ഇതേക്കുറിച്ച് സി.ബി.ഐ അന്വേഷണത്തിന് തീരുമാനിച്ചിരിക്കുകയാണ്. രണ്ടു കാര്യങ്ങൾ പ്രധാനമാണെന്ന് കമീഷൻ വിലയിരുത്തുന്നു: ഒന്ന്, തെഹൽക ടേപ്പിന്റെ ആധികാരികത. രണ്ട്, ടേപ്പിൽ കൃത്രിമമില്ലെന്ന് കണ്ടാൽ, അതിലെ വെളിപ്പെടുത്തലിന് അനുസൃതമായ നിയമനടപടി. ടേപ്പ് കൃത്രിമമാണെന്ന് വന്നാൽ, ആരോപണങ്ങളുടെ പുകമറ അവസാനിക്കാൻ അത് സഹായിക്കുമെന്നും കമീഷൻ ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ട് സി.ബി.ഐ അന്വേഷണ തീരുമാനത്തോട് രണ്ടാഴ്ചക്കകം പ്രതികരിക്കാൻ ഗുജറാത്ത് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ് കമീഷൻ.

ഒരു കേസ് സി.ബി.ഐ അന്വേഷണത്തിന് വിടണമെങ്കിൽ, അതതു സംസ്ഥാന സർക്കാരുകളുടെ അനുമതി വേണമെന്നാണ് നിലവിലെ വ്യവസ്ഥ. അതല്ലെങ്കിൽ കോടതിക്ക് കേസ് സി.ബി.ഐയെ ഏൽപിക്കാം. ഗുജറാത്ത് കലാപത്തെക്കുറിച്ച അന്വേഷണം കേന്ദ്രഏജൻസിയെ ഏൽപിക്കുന്നതിലെ അപകടം നരേന്ദ്രമോഡിക്കും ബി.ജെ.പിക്കും നന്നായറിയാം. 2002-ലെ ഹിന്ദുത്വ ക്രൂരത സംസ്ഥാന പോലീസ് ഒഴികെ ലോകത്ത് ആരന്വേഷിച്ചാലും സംഘ്പരിവാറിലെ ക്രിമിനലുകൾ അഴിക്കുള്ളിലാകും; മോഡിയും ബി.ജെ.പിയും കുടുങ്ങും. അതുകൊണ്ടുതന്നെ കമീഷൻ തീരുമാനത്തോട് മോഡി സർക്കാർ എങ്ങനെ പ്രതികരിക്കുമെന്ന് കാണാൻ രണ്ടാഴ്ചത്തെ കാത്തിരിപ്പിന്റെ ആവശ്യമില്ല. ദേശീയ മനുഷ്യാവകാശ കമീഷനിൽ 'ചിലർ' പക്ഷപാതികളാണെന്ന് ബി.ജെ.പി പ്രതികരിച്ചുകഴിഞ്ഞു.

എന്നാൽ സി.ബി.ഐ അന്വേഷണത്തിന് തീരുമാനിച്ചത് മനുഷ്യാവകാശ കമീഷനാണെന്നിരിക്കെ, കേന്ദ്ര സർക്കാരിൽനിന്ന് ഭിന്നമായി ഈ സ്ഥാപനത്തിന് മുന്നിൽ സാധ്യതകൾ വേറെയുമുണ്ട്. സംസ്ഥാന സർക്കാർ എതിരഭിപ്രായം പ്രകടിപ്പിച്ചാലും സി.ബി.ഐ അന്വേഷണത്തിന് വേണ്ടി കമീഷന് കോടതിയെ സമീപിക്കാൻ കഴിയും. കോടതി അനുകൂല നിലപാട് സ്വീകരിച്ചാൽ സംസ്ഥാ

ന സർക്കാരും കലാപത്തിലെ പ്രതികളും നിയമത്തിന്റെ വലക്കുള്ളിലാകുക തന്നെ ചെയ്യും. ബുദ്ധിപൂർവമായ നിസ്സംഗത ഇക്കാലമത്രയും പ്രകടമാക്കിവരുന്ന കേന്ദ്രസർക്കാരിൽനിന്ന് ഭിന്നമായി, ദേശീയ മനുഷ്യാവകാശ കമീഷന്റെ മുൻകാല ഇടപെടലുകളാണ് ഗുജറാത്ത് കലാപത്തിന്റെ ഇരകളോട് നീതിയും നിയമവും കുറേയെങ്കിലും ഇന്നാട്ടിൽ നടക്കുന്നുണ്ടെന്ന് പറഞ്ഞുകൊടുത്തതെന്ന് കാണേണ്ടതുണ്ട്.

വെള്ളിക്കാശിന് മുന്നിൽ സ്വന്തം പിതാവിനെയും കൂടപ്പിറപ്പുകളെയും മറന്ന് മൊഴിമാറ്റിയ ബെസ്റ്റ് ബേക്കറി കേസിലെ പ്രധാന സാക്ഷി സാഹിറ ശൈഖ് നൽകിയ ആദ്യത്തെ പരാതി സുപ്രീംകോടതി മുമ്പാകെ എത്തിച്ചത് മനുഷ്യാവകാശ കമീഷനാണ്. കമീഷൻ നൽകിയ പ്രത്യേകാനുവാദ ഹരജിയിന്മേലാണ് പ്രമാദമായ ഒമ്പത് ഗുജറാത്ത് കേസുകൾ, സംസ്ഥാനത്തിന് പുറത്തെ കോടതിയിൽ വിചാരണ ചെയ്യാൻ പരമോന്നത നീതിപീഠം ഉത്തരവിട്ടത്. കമീഷന്റെ മുന്നിലെ സാധ്യതകൾ കണക്കിലെടുത്താൽ, കമീഷൻ അത് ഉപയോഗപ്പെടുത്തുമെന്ന് കരുതിയാൽ, ഒരുനാൾ നീതിയും നിയമവും ഗുജറാത്തിന്റെ മണ്ണിൽ പുലരാതിരിക്കില്ലെന്ന പ്രത്യാശക്ക് നേരിയ വകയുണ്ട്.

## നടുക്കുന്ന തെഹൽക ടേപ്പിലേക്ക്

ടി.വി കാമറയുടെ ഇന്നത്തെ വെള്ളിവെളിച്ചങ്ങൾക്കിടയിൽ, ഇരുളിലെ കറുത്ത കരങ്ങൾ കണ്ടെത്തുന്നതിൽ ഒളികാമറയുടെ സാധ്യതകൾ എന്താണെന്ന് കാണിച്ചുതന്ന ഒരു സംഘം മാധ്യമ പ്രവർത്തകരാണ് തെഹൽകയിലേത്. പ്രതിരോധ ആയുധ ഇടപാടുകളിൽ കാലങ്ങളായി നടക്കുന്ന കൊടിയ അഴിമതികൾ, ബി.ജെ.പി പ്രസിഡന്റായിരുന്ന ബംഗാരു ലക്ഷ്മൺ കൈനീട്ടി വാങ്ങുന്ന പച്ചനോട്ടുകളുടെ രൂപത്തിൽ നമ്മുടെ മുമ്പിൽ എത്തിച്ചത് തരുൺ തേജ്പാൽ നയിക്കുന്ന തെഹൽക ടീമായിരുന്നു. അതിന്റെ ഉൾക്കിടിലങ്ങൾ ബി.ജെ.പിയുടെയോ തീപ്പൊരി താരമായ ജോർജ് ഫെർണാണ്ടസ് നയിക്കുന്ന സമതാ പാർട്ടിയുടെയോ അകത്തളങ്ങളിൽ ഇന്നും ബാക്കിനിൽക്കുന്നു. സേനക്ക് ആയുധങ്ങൾ വാങ്ങുന്നതിൽ കോടികളുടെ കോഴയുണ്ടെന്ന് എല്ലാവർക്കും അറിയാമെന്നിരിക്കേ തന്നെയായിരുന്നു തെഹൽകയുടെ ഞെട്ടിപ്പിക്കുന്ന ഒളിപ്രയോഗം.

അഞ്ചരക്കൊല്ലം മുമ്പ് നടന്ന ഗുജറാത്ത് കലാപത്തെക്കുറിച്ചും കൂടുതലൊന്നും അറിയാൻ ഉണ്ടായിരുന്നില്ല. നരേന്ദ്രമോഡിയുടെ ഒത്താശയിൽ നടന്ന നരമേധമായിരുന്നു അത് എന്നതിന് പുറമെ, ഗോധ്ര ആകസ്മികമായിരുന്നുവെന്നും അന്നുതൊട്ടേ ജനത്തിനറിയാം. സ്വന്തം മണ്ണിലെ വർഗീയവേട്ടയിൽ ബലിയർപ്പിക്കപ്പെടുകയോ നിരാലംബരാവുകയോ ചെയ്ത ഒരു പറ്റം മനുഷ്യർ. രാജ്യത്തെ മതനിരപേക്ഷ-നീതിന്യായ സംവിധാനങ്ങളെയപ്പാടെ നോക്കുകുത്തിയാക്കി, കൊടുംക്രൂരത നടത്തിയവർ നമ്മുടെ നിയമവ്യവസ്ഥയെ പുഛിച്ച് നിർബാധം വിലസുന്നു. കലാപത്തിന് പ്രേരണ നൽകിയവർ ഭരിക്കുന്നു. കുറേ നിരപരാധികൾ ജയിലിൽ നരകിക്കുകയും ചെയ്യുന്നു. അതാണ് ഗുജറാത്തിന്റെ യാഥാർഥ്യം. എന്നാൽ കൊല നടത്തിയവർ തന്നെ രഹസ്യമായി ചെയ്ത കുറ്റം വെളിപ്പെടുത്തുന്നത് രഹസ്യകാമറയിൽ പകർത്തി ജനമധ്യത്തിൽ എത്തിക്കുകയാണ് തെഹൽക ചെയ്ത സാഹസം.

ഗുജറാത്ത് വംശഹത്യ മുഖ്യമന്ത്രി നരേന്ദ്ര മോഡിയുടെ പൂർണ അറിവോടും അനുമതിയോടും കൂടി ആർ. എസ്. എസ്, വി.എച്ച്.പി, ബജ്റംഗ്ദൾ, ശിവസേന സംഘടനാ പ്രവർത്തകർ നടത്തിയതാണെന്ന് കലാപം നയിച്ചവരുടെ മൊഴികളായി പുറത്തുകൊണ്ടുവരാൻ തെഹൽകക്ക് കഴിഞ്ഞു. നരോദപാട്ടിയയിൽ 200 മുസ്ലിംകളെ കൂട്ടക്കൊല ചെയ്തത്, കോൺഗ്രസ് എം.പി ഇഹ്സാൻ ജിഫ്രിയെ ചുട്ടുകൊന്നത്, ഗട്ടറിൽ ഒളിച്ചിരുന്ന മുസ്ലിംകളെ കൂട്ടക്കൊല നടത്തിയത്, മുസ്ലിം വീടുകൾ പുറത്തുനിന്ന് പൂട്ടി തീവെച്ചത്, ഗർഭിണിയുടെ വയർ പിളർന്ന് കുഞ്ഞിനെ കൊന്നത്, സ്ത്രീകളെ ക്രൂരമായി ബലാത്സംഗം ചെയ്തത് എന്നിവയിൽ ഉൾപ്പെട്ട നിരവധി പേരുടെ ഒളികാമറാ വിവരണങ്ങളാണ് ടേപ്പിൽ.

നരഹത്യ നടത്താൻ നരേന്ദ്ര മോഡി മൂന്ന് ദിവസം സമയം അനുവദിച്ചതായി ഇക്കാര്യം തീരുമാനിച്ച യോഗത്തിൽ പങ്കെടുത്ത ബി.ജെ.പി ഗോധ്ര എം.എൽ.എ ഹരേഷ് ഭട്ട് വെളിപ്പെടുത്തുന്നു. നരോദപാട്ടിയയിൽ 91 പേരെ താനും സംഘവും വധിച്ചതായി ബജ്റംഗ്ദൾ നേതാവ് ബാബു ബജ്രംഗി. 'മുസ്ലിംകൾ ഒരു കുഴിയിൽ പരസ്പരം കെട്ടിപ്പിടിച്ചു കിടക്കുകയായിരുന്നു. അവർക്കുമേൽ ഞങ്ങൾ എണ്ണയൊഴിച്ചു. അതിനുശേഷം ടയർ കത്തിച്ച് മുകളിലിട്ടാണ് കൊന്നത്'- ബജ്രംഗി പറയുന്നു. നിസ്സഹായരായിപ്പോയ ഒരുകൂട്ടം മനുഷ്യർക്ക് മേൽ ബജ്രംഗിയും മറ്റും നടത്തിയ മൃഗയാവിനോദം വേറെയുമുണ്ടായിരുന്നു. ഗർഭിണിയുടെ വയർ കുത്തിപ്പിളർന്ന് ഭ്രൂണം പുറത്തെടുത്തതാണ് അതിലൊന്ന്. അതും ബജ്രംഗിയുടെ വാക്കുകളിൽ തന്നെ.

കൂട്ടക്കുരുതിക്കുപയോഗിച്ച ബോംബുകളും സ്ഫോടക വസ്തുക്കളും നിർമിച്ചത് വി.എച്ച്.പിയുടെയും ബജ്റംഗ്ദളിന്റെയും മുതിർന്ന നേതാക്കളുടെ ഉടമസ്ഥതയിലുള്ള ഫാക്ടറികളിലാണ്. യു.പി, മധ്യപ്രദേശ്, ബിഹാർ, പഞ്ചാബ് സംസ്ഥാനങ്ങളിൽനിന്ന് കടത്തിയ ആയുധങ്ങൾ സംഘ്പരിവാർ എം.എൽ.എമാരുൾപ്പെടെ മുതിർന്ന നേതാക്കളാണ് അക്രമികൾക്ക് വിതരണം ചെയ്തതെന്നും സംഭവത്തിലെ പങ്കാളികൾ വെളിപ്പെടുത്തി. അക്രമസംഭവങ്ങളിൽ വ്യാപകമായി ഉപയോഗിച്ച പെട്രോൾ ബോംബുകളും പൈപ്പ് ബോംബുകളും നിർമിച്ചത് തന്റെ പടക്കനിർമാണ ഫാക്ടറിയിലാണെന്ന് ബി.ജെ.പി എം.എൽ.എ ഹരേഷ് ഭട്ട് വെളിപ്പെടുത്തുന്നു. 2002 ഫെബ്രുവരി 27-ന് സബർമതി എക്സ്പ്രസ്സിന്റെ ബോഗിക്ക് തീയിട്ട് മണിക്കൂറുകൾക്കുള്ളിൽ സംസ്ഥാനത്തുടനീളം വിവിധ ഭാഗങ്ങളിൽ സംഘ്പരിവാർ നേതാക്കൾ യോഗം ചേർന്നാണ് പ്രതികാര നടപടികൾ ആസൂത്രണം ചെയ്തതെന്ന് അക്രമികൾ തന്നെ സമ്മതിക്കുന്നു. സംഘ്പരിവാർ സംഘടനകളുടെ നിർദേശപ്രകാരമാണ് പോലീസ് പ്രവർത്തിച്ചത്. കുറ്റവാളികളെ നിയമത്തിന്റെ പിടിയിൽനിന്ന് രക്ഷിക്കാൻ സഹായിച്ചതായി രണ്ട് പബ്ലിക് പ്രോസിക്യൂട്ടർമാർ സമ്മതിച്ചു. ആശിഷ് ഖേതൻ എന്ന തെഹൽക റിപ്പോർട്ടർ ഗുജറാത്തിലെ സംഘ്പരിവാർ വളർച്ച പഠിക്കുന്ന സംഘ്പരിവാറുകാരനായ ഗവേഷണ വിദ്യാർഥിയായി ചമഞ്ഞ് കൊലയാളികളെ സമീപിച്ച് ഒപ്പിയെടുത്ത കുറ്റസമ്മത മൊഴികൾ അടങ്ങുന്ന തെഹൽക ടേപ്പിന് മുന്നിൽ രാജ്യം തരിച്ചിരുന്നു.

## കോൺഗ്രസ്സിന്റെ മൗനം; നിയമത്തിന്റെയും

ഗുജറാത്ത് കലാപം നടന്നത് കേന്ദ്രത്തിൽ ബി.ജെ.പി ഭരിക്കുമ്പോഴാണ്. മോഡിക്കെതിരെ ബി.ജെ.പി ചെറുവിരൽ അനക്കിയില്ലെന്നത് ചരിത്രം. എന്നാൽ രാജധർമം പാലിക്കാനെങ്കിലും അന്നത്തെ പ്രധാനമന്ത്രി ഒരിക്കൽ മോഡിയോട് ഉപദേശിച്ചു. അത് ജനവികാരം തണുപ്പിക്കാനുള്ള ചൊട്ടുവേലയാണെന്ന് പ്രത്യേകം പറയേണ്ടതില്ല. തെഹൽകയെ നയിക്കുന്ന തരുൺ തേജ്പാൽ ഒരു കാര്യം ചൂണ്ടിക്കാട്ടുന്നു: ദിവസങ്ങൾ ഇത്ര കഴിഞ്ഞിട്ടും ഇന്നത്തെ പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് തെഹൽക ടേപ്പിനെക്കുറിച്ച് ഒരക്ഷരം പുറത്തുവന്നിട്ടില്ല. ആഭ്യന്തര മന്ത്രാലയം ഇടപെട്ടിട്ടില്ല. കൊല നടത്തിയവർ തന്നെ അക്കാര്യം വിളിച്ചുപറയുകയും അതിന് രേഖാപരമായ തെളിവ് ഉണ്ടാവുകയും ചെയ്യുമ്പോൾ എ

ന്താണ് യഥാർഥത്തിൽ വേണ്ടത്? കുറഞ്ഞപക്ഷം കൂട്ടക്കൊല നടത്തി എന്നു പറയുന്നവരെയെങ്കിലും അറസ്റ്റ്ചെയ്യണമെന്നാണ് നാട്ടിലെ നിയമം. കലാപസമയത്തെന്ന പോലെ, ഇപ്പോഴും ഒന്നും, ഒന്നുമുണ്ടായിട്ടില്ല. തെഹൽക ടേപ്പ് വായ്ത്താരിക്കുള്ള വിഷയത്തിനപ്പുറം, ഗൗരവപൂർണമായ ഒരു ഇടപെടൽ രാഷ്ട്രീയ പാർട്ടികൾ നടത്തിയിട്ടില്ല. ഒരു മോഡിക്ക് മുമ്പിൽ എക്കാലവും മരവിച്ചു നിൽക്കുന്ന നിയമവ്യവസ്ഥവും പാർട്ടികളും നമുക്ക് ഇന്നാട്ടിൽ നൽകുന്ന സുരക്ഷിതത്വം എത്രത്തോളമുണ്ട്?

ഗുജറാത്ത് കലാപസമയത്ത് പ്രധാന പ്രതിപക്ഷവും ഇപ്പോൾ പ്രധാന ഭരണകക്ഷിയുമായ കോൺഗ്രസ്സിന്റെ മൗനം തന്ത്രത്തിന്റെ വാചാലതയാണ്. ഹിന്ദുത്വത്തിന്റെ കാര്യത്തിൽ ബി.ജെ.പിയുടെ ബി-ടീമായി നിൽക്കുകയാണ് കോൺഗ്രസ്. അവിടെ മുസ്‌ലിംകളോട് സംവദിക്കാൻ കോൺഗ്രസ് നേതാക്കൾക്ക് പേടി. മുസ്‌ലിംകളെ സ്ഥാനാർഥിയാക്കാൻ വിമുഖത. വോട്ടുചോദിക്കാൻ മനോവിഷമം. അങ്ങനെയൊക്കെ ചെയ്താൽ കിട്ടാനുള്ള വോട്ട് കൈവിട്ടുപോകുമോ എന്നതായിരുന്നു കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ പേടി. കലാപസമയത്ത് ഒരു കൈസഹായത്തിന് കോൺഗ്രസ്സുകാർ ഇറങ്ങിയിരുന്നില്ല. ഇപ്പോഴും കലാപത്തിൽ അഭയാർഥികളായി മാറിയവർക്ക് കൈത്താങ്ങ് ഒരു പറ്റം സന്നദ്ധ പ്രവർത്തകരാണ്. എന്നിട്ടും കോൺഗ്രസ്സിന് ന്യൂനപക്ഷം വോട്ടുചെയ്യുന്നത്, മറ്റൊരു വഴിയില്ലാത്തതുകൊണ്ടാണ്. മോഡിക്ക് വോട്ടുചെയ്യാൻ കഴിയാത്ത ഗുജറാത്തിലെ ന്യൂനപക്ഷം, ചോദിച്ചില്ലെങ്കിലും തേടിച്ചെന്നില്ലെങ്കിലും സഹായിച്ചില്ലെങ്കിലും തങ്ങൾക്ക് തന്നെ വോട്ടുകുത്തുമെന്ന് കോൺഗ്രസ്സിന് ഉറപ്പുണ്ട്.

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ഗുജറാത്തിൽ തെഹൽക ടേപ്പിന്മേൽ സ്വീകരിക്കുന്ന കർക്കശ നിലപാട്, ഭൂരിപക്ഷ ഹിന്ദുക്കളെ പിണക്കി, കിട്ടാവുന്ന പത്ത് വോട്ട് നഷ്ടപ്പെടുത്തുമോ എന്നാണ് കോൺഗ്രസ്സിന്റെ പേടി. ഹിന്ദുക്കളിൽ ഹിന്ദുത്വം എത്ര ശതമാനത്തിനുണ്ട്? പക്ഷേ, അവരെ കോൺഗ്രസ് പേടിക്കുന്നു. മോഡിയോട് ബി.ജെ.പിക്കാർക്ക് തന്നെ വൈരമാണുള്ളതെന്ന് കേശുഭായ് പട്ടേൽ എത്രനാളായി നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നു. വർഗീയ ധ്രുവീകരണത്തിലൂടെ കാവിപ്പട തേരോട്ടം നടത്തിയ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽനിന്ന് ഭിന്നമായി, 2004-ലെ പൊതുതെരഞ്ഞെടുപ്പിൽ 23-ൽ 11 ലോക്സഭാ സീറ്റും കോൺഗ്രസ്സിന് ലഭിച്ചത് എങ്ങനെയാണ്? പക്ഷേ, ഗുജറാത്തിൽ കോൺഗ്രസ്സിന് ഭീരുത്വം വിട്ടുമാറുന്നില്ല. മോഡിയോ? തെഹൽകയെങ്കിൽ തെഹൽക. ജയിക്കാനൊരു ഉപാധി അതാകുമെങ്കിൽ ഉപയോഗപ്പെടുത്താൻ മോഡിക്ക് മടിയില്ല.

## കൂട്ടക്കൊല മറക്കാം; ചർച്ച ഒളികാമറയുടെ ധാർമികതയാകട്ടെ!

തെഹൽക ടേപ്പ് വലിച്ചു പുറത്തിട്ട കൊലയാളി ഭാഷ്യങ്ങൾക്ക് മുന്നിൽ നിയമവും നീതിയും മാറിനിൽക്കുമ്പോൾ, ഒരു കൂട്ടർ ഉയർത്തിക്കൊണ്ടുവരുന്നത് ഒളികാമറ ഉപയോഗിച്ചുള്ള മാധ്യമ പ്രവർത്തനത്തിന്റെ ധാർമികതയാണ്. അത് എക്കാലവും അങ്ങനെത്തന്നെയായിരുന്നല്ലോ. പ്രതിരോധ അഴിമതി, എം.പിക്കോഴ എന്നിവയിലെല്ലാം മാധ്യമ പ്രവർത്തകരുടെ പ്രഫഷണൽ മാന്യതയില്ലായ്മയാണ് രാഷ്ട്രീയ കേന്ദ്രങ്ങളും അധികാര ദല്ലാളന്മാരും ഉയർത്തിക്കൊണ്ടുവന്നത്. പ്രതിരോധ അഴിമതി പുറത്തുകൊണ്ടുവന്നതിന്, അന്നത്തെ കോലാഹലങ്ങൾക്കിടയിൽ കൈയടി ലഭിച്ച തെഹൽകക്ക് പിന്നീടങ്ങോട്ട് തീക്കട്ടയിൽ കൂടിയാണ് നടക്കേണ്ടിവന്നത്. അന്വേഷണ ഏജൻസികൾ തെഹൽക പ്രവർത്തകരെ വേട്ടയാടി. കോടതി കയറ്റി. മൂന്നര വർഷത്തെ അന്വേഷണത്തിനൊടുവിൽ പക്ഷേ, തെഹൽകയുടെ ടേപ്പ് വ്യാജമല്ലെന്ന് തെളിഞ്ഞു. പാർലമെന്റിൽ ചോദ്യമുന്നയിക്കുന്നതിന് എം.പിമാർ കോഴ വാങ്ങുന്നത് *കോബ്രാ പോസ്റ്റ്* പുറത്തുകൊണ്ടുവന്നപ്പോഴും ഒളികാമറ ഉപയോഗിക്കുന്നതിന്റെ ആശാസ്യത വിഷയമായി. 10 എം.പിമാരെ പാർലമെന്റിന് പുറത്താക്കേണ്ടിവന്നു; ഒപ്പം വിഷയം ജനമധ്യത്തിൽ കൊണ്ടുവന്ന മാധ്യമ പ്രവർത്തകർ ഇന്നും നിയമനടപടി നേരിടുന്നു.

തരുൺ തേജ്പാൽ പറയുന്ന വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'നേരായ വഴിയിൽ സത്യം പുറത്തുവരാത്ത കാലത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ടാണ് മാധ്യമ പ്രവർത്തകന് ഒളിപ്രവർത്തനം വേണ്ടിവരുന്നത്. അഴിമതിയും മനുഷ്യാവകാശ ലംഘനവുമൊക്കെ പുറത്തുകൊണ്ടുവന്നത് വേറെതു വഴിക്കാണ്? തൊണ്ണൂറുകൾ വരെ ഇവിടെ നടന്നത് മാധ്യമപ്രവർത്തനമല്ല, മാധ്യമലോകത്തിന്റെ പബ്ലിക് റിലേഷൻസ് പ്രവർത്തനമാണ്. അധികാരത്തിന്റെയും പണത്തിന്റെയും ദുർവിനിയോഗം പുറത്തുകൊണ്ടുവരുന്നതിന് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ മാധ്യമ പ്രവർത്തകന് സ്വാതന്ത്ര്യമുണ്ടാകണം. അസാധാരണമായ അന്വേഷണത്തിന് അസാധാരണമായ രീതി വേണ്ടിവരും. പത്രപ്രവർത്തനത്തിന് കടിക്കാൻ ശേഷിയുള്ള പല്ലാണ് ഒളികാമറ.' ഗുജറാത്ത് സംഭവത്തിൽ പ്രതികളുടെ മൊഴി പുറത്തുകൊണ്ടുവരാൻ ഉപയോഗപ്പെടുത്തിയ രീതിയാണോ, പുറത്തുവന്ന വസ്തുതകളാണോ പ്രധാനമെന്നതാണ് യഥാർഥ വിഷയം. എന്നാൽ അതുവിട്ട് തെഹൽക നടത്തിയ സാഹസികതയെ ഒട്ടാകെ അവഗണിക്കുകയാണ് മുഖ്യധാരാ മാധ്യമങ്ങൾ പോലും ഇക്കുറി ചെയ്തത്.

## മോഡിയും ഗുജറാത്തിന്റെ ഭാവിയും

നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത ഘട്ടത്തിൽ വന്ന തെഹൽക വെളിപ്പെടുത്തൽ മോഡിക്കാണ് ഗുണം ചെയ്യുകയെന്ന് കാണുന്നവരുണ്ട്. ഹിന്ദുത്വത്തെ ഏകോപിപ്പിച്ചുനിർത്താൻ പുതിയ നമ്പറാക്കി മോഡി അതിനെ ഉപയോഗിച്ചേക്കാമെന്ന ആശങ്കയിൽ കാതലുമുണ്ട്. വർഗീയതയല്ലാതെ മോഡിയുടെ കൈയിൽ നമ്പറുകളൊന്നുമില്ല. വ്യവസായ സംസ്ഥാനമായ ഗുജറാത്തിൽ ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ പ്രധാന വിഷയം വികസനം തന്നെയാണ്. ന്യൂനപക്ഷങ്ങൾക്ക് മേലുള്ള കുതിരകയറ്റത്തിനിടയിൽ, വികസനത്തിൽ നേട്ടമൊന്നും കൈവരിക്കാൻ മോഡിക്ക് കഴിഞ്ഞിട്ടില്ല. ഏകാധിപത്യത്തിനിടയിൽ, ബി.ജെ.പിയിൽ വിമതർ ശക്തി നേടുകയുമാണ്. രണ്ടിനുമിടയിലും മോഡിയെ കൈവിടാൻ ബി.ജെ.പി തയാറാവുന്നില്ല; അഥവാ മോഡിയെ പാർട്ടി നേതൃത്വം ഭയക്കുന്നു.

ഇതിനെല്ലാമിടയിൽ ഗുജറാത്തിന്റെയും അവിടത്തെ ന്യൂനപക്ഷ ജനതയുടെയും ഭാവിയെക്കുറിച്ച ഉത്കണ്ഠകൾ വർധിക്കുക മാത്രമാണ് ചെയ്യുന്നത്. ജനാധിപത്യ ഇന്ത്യയുടെ ഭാഗമാക്കി ഗുജറാത്തിനെ നിലനിർത്തുന്നതിൽ ജനവും സംവിധാനവും പരാജയപ്പെടുകയും, വർഗീയതയിലൂടെ ഏകാധിപതിയായി നരേന്ദ്രമോഡി തുടരുകയും ചെയ്യുന്നതാണ് കാഴ്ച. പ്രതിഷേധ ശബ്ദങ്ങൾക്കും നിയമ വ്യവസ്ഥക്കും ചെവികൊടുക്കാത്ത മുട്ടാളന്റെ കാട്ടുനീതി ഒരു ജനതക്ക് വെല്ലുവിളി ഉയർത്തുന്ന ചോദ്യചിഹ്നമായി നിൽക്കുന്നു. നിയമവാഴ്ചക്കും ഭരണഘടനാ മൂല്യങ്ങൾക്കും വേണ്ടിയുള്ള ശ്രമങ്ങൾ ആത്യന്തികമായി മോഡിയെയാണ് കരുത്തനാക്കുന്നതെങ്കിൽ, ഗുജറാത്ത് എന്നാണിനി ഇന്ത്യയുടെ ഭാഗമാവുക? അവിടത്തെ ന്യൂനപക്ഷങ്ങൾ എന്നാണ് ഇനി നട്ടെല്ല് നിവർത്തി എഴുന്നേറ്റുനിൽക്കുക? ◆